സിസേറിയൻ പ്രസവങ്ങൾ

5(*215) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിസേറിയൻ പ്രസവങ്ങളുടെ കാര്യത്തിൽ ലോകാരോഗ്യ സംഘടന എന്തെങ്കിലും പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പരിധി പാലിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസവ സംബന്ധ ചികിത്സാരംഗത്ത് സർക്കാർ-സ്വകാര്യ ഭേദമെന്യേ നിലനിൽക്കുന്ന അനാവശ്യ പ്രവണതകൾ തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സിസേറിയൻ പ്രസവങ്ങളുടെ കാര്യത്തിൽ ലോകാരോഗ്യ സംഘടന പരിധി നിശ്ചയിച്ചിട്ടുണ്ട്. WHO Ref.No.WHO/RHR/15-02 പ്രസിദ്ധീകരിച്ചതിൻ പ്രകാരം 1985-ൽ ബ്രസീലിലെ പോർട്ടാലിസായിൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ സിസേറിയൻ പ്രസവങ്ങളുടെ പരിധി 10-15 ശതമാനം വരെ എന്നുള്ള തീരുമാനം അംഗീകരിക്കുകയുണ്ടായി. ഇതിൻ പ്രകാരം അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ രക്ഷിക്കാനായിട്ടുള്ള സിസേറിയൻ പ്രസവങ്ങളുടെ പരിധി 10-15 ശതമാനമാണ്. സിസേറിയൻ നിരക്ക് 15 ശതമാനം കൂടുതലായാലും അമ്മയുടെയും കുഞ്ഞിന്റെയും മരണ നിരക്ക് കുറയുന്നില്ല. കൂടാതെ അമ്മയുടെയും കുഞ്ഞിന്റെയും മാനസികവും സാമൂഹികവുമായ സുരക്ഷിതത്വവും ഇതുമൂലം കൂടുന്നതായി കാണുന്നില്ല. എന്നാൽ വികസിത രാജ്യങ്ങളിലും വികസ്വര രാജ്യങ്ങളിലും ഈ നിരക്ക് കൂടിവരുന്നതായാണ് കാണുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2011-ൽ ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ നടന്ന സിസ്റ്റമാറ്റിക് റിവ്യൂ മീറ്റിംഗിൽ റോബ്സൺസ് ക്ലാസ്സിഫിക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനമാക്കി സിസേറിയൻ പ്രസവങ്ങൾ നടത്താനുള്ള മാനദണ്ഡങ്ങൾ ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുകയുണ്ടായി. ഇപ്പോൾ ലോകരാജ്യങ്ങൾ ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശത്തോടുകൂടിയ റോബ്സൺസ് ക്ലാസ്സിഫിക്കേഷൻ ആണ് സിസേറിയൻ പ്രസവങ്ങൾ നടത്തുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്നത്.

(ബി) പ്രസ്തുത പരിധി പാലിക്കാൻ എല്ലാ ശ്രമങ്ങളും നടത്തിവരുന്നുണ്ട്. 2014-15-ലെ എച്ച്.എം.ഐ.എസ്. ഡാറ്റാ പ്രകാരം സ്വകാര്യ ആശുപത്രികളിലെ സിസേറിയൻ നിരക്ക് 41.21 ശതമാനവും സർക്കാർ ആശുപത്രികളിലെ നിരക്ക് 39.75 ശതമാനവും ആണ്. സിസേറിയൻ ചെയ്യാനുണ്ടായ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. ഗർഭസ്ഥ ശിശുവിന്റെ ജീവൻ അപകടാവസ്ഥയിലാകുമ്പോൾ
2. കുഞ്ഞിന്റെ വലുപ്പക്കൂടുതൽകൊണ്ട് സാധാരണ പ്രസവം സാധ്യമാകാതെ വരുമ്പോൾ
3. ആദ്യത്തെ പ്രസവം സിസേറിയൻ ആണെങ്കിൽ രണ്ടാമത്തേത് സിസേറിയൻ ആകാൻ സാധ്യത കൂടുതലുള്ളതിനാൽ
4. അമ്മയ്ക്ക് രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ ഗുരുതരാവസ്ഥകൾ പ്രസവത്തെ കൂടുതൽ സങ്കീർണ്ണമാക്കുമ്പോൾ
5. അമ്മയ്ക്ക് പ്രസവിക്കാനായി മരുന്നു വെച്ച് നിശ്ചിത സമയം കഴിഞ്ഞിട്ടും ഗർഭപാത്രം പ്രതികരിക്കുന്നില്ലെങ്കിൽ
6. മറുപിള്ളയ്ക്കുള്ള സ്ഥാനവ്യതിയാനം പ്രസവം അസാധ്യമാക്കുമ്പോൾ
7. മറുപിള്ള വേർപെടുന്നതുമൂലം പെട്ടെന്നുണ്ടാകുന്ന രക്തസ്രാവം
8. വന്ധ്യതാ നിരക്ക് കൂടുതലായതിനാൽ "പ്രഷ്യസ് ബേബി" എന്ന നിലയിൽ ട്രയൽ ലേബർ കൊടുക്കാൻ പറ്റാത്തതിനാൽ സിസേറിയൻ ചെയ്യേണ്ടിവരുന്നു.
9. ഒന്നിൽ കൂടുതൽ കുട്ടികൾ ഉണ്ടാവുകയും കുട്ടി തിരിഞ്ഞു കിടക്കുകയും ചെയ്യുമ്പോൾ
10. കുട്ടിക്ക് നാലു കിലോയിൽ കൂടുതൽ ഭാരമുള്ളപ്പോൾ

GPM. 2/242/2020-6

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. സിസേറിയൻ നിരക്ക് നിയന്ത്രിക്കാനായി. 7-5-2011-ലെ സ.ഉ. (സാധാ)നമ്പർ 1791/2011/ആ.ക.വ. പ്രകാരം ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

2. നിരക്ക് നാല്പത് ശതമാനത്തിലധികമുള്ള സർക്കാർ ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയും മറുപടി കൈപ്പറ്റുകയും ചെയ്തിരുന്നു.

3. ഗർഭിണികൾക്കുള്ള ക്ലിനിക്കുകൾ കൃത്യമായി നടത്തുന്നതിനും ഗർഭിണിയാകുമ്പോൾ മുതൽ നടത്തേണ്ട റിസ്ക് അസസ്സ്മെന്റ് കളെപ്പറ്റിയും ഗൈനക്കോളജിസ്റ്റുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

4. ഫീൽഡ്തലത്തിൽത്തന്നെ ഗർഭിണികൾക്ക് സാധാരണ പ്രസവംകൊണ്ട് അമ്മയ്ക്കും കുഞ്ഞിനുമുള്ള ഗുണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

5. ഒന്നിൽ കൂടുതൽ ഗൈനക്കോളജിസ്റ്റുകൾ ഉള്ള ആശുപത്രികളിൽ ഒരാളുടെകൂടി വിദഗ്ധ അഭിപ്രായപ്രകാരം മാത്രമേ സിസേറിയന് മുതിരാവൂ എന്ന് സർക്കുലർ പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്.

6. കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രി ആന്റ് ഗൈനക്കോളജി (കെ.എഫ്.ഒ.ജി.) ഗൈഡ്ലൈൻസ് പിൻതുടരണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

7. ഓരോ സ്ഥാപനത്തിലെയും പ്രസവവും സിസേറിയനും സ്ഥാപനതലത്തിൽ ആഡിറ്റ് ചെയ്യുന്നുണ്ട്.

8. മാസംതോറും ഈ ആഡിറ്റുകളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലുള്ള സമിതി അവലോകനം ചെയ്യുന്നു.

9. ഈ റിപ്പോർട്ടുകൾ സ്ഥാപനതലത്തിലും അവലോകനം ചെയ്യ് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

ഇത്തരത്തിലുള്ള നിയന്ത്രണങ്ങളുടെയും നടപടികളുടെയും ഫലമായി സിസേറിയന്റെ നിരക്ക് പരമാവധി കുറച്ചുകൊണ്ടുവരുന്നു. കാസർഗോഡ്, കൊല്ലം ജില്ലാതല സർക്കാർ ആശുപത്രികളിലും എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സ്വകാര്യ ആശുപത്രികളിലും 2013-14 വർഷത്തേക്കാൾ 2014-15 വർഷത്തെ നിരക്ക് നേരിയ തോതിൽ കുറഞ്ഞുവന്നിട്ടുണ്ട്. തുടർന്ന് സിസേറിയൻ നിരക്ക് കൂടാതിരിക്കാനായി കർശന നിരീക്ഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly